## പതിനാലാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1177 — 12.07.2016 -ൽ മറുപടിക്ക്

**സംസ്ഥാനത്തിന് പുറത്തുള്ള സംരക്ഷിത സ്മാരകങ്ങളുടെ അറ്റകുറ്റപ്പണികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി. തോമസ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(ബഹു.തുറമുഖവും പുരാവസ്തുവും മ്യൂസിയവും<br>പുരാരേഖയും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| (എ) | പുരാവസ്തു വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തിന് പുറത്തുള്ള സംരക്ഷിത സ്മാരകങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) | തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലെ കൽക്കുളം താലൂക്കിലെ തക്കലയിൽ സ്ഥിതിചെയ്യുന്ന പത്മനാഭപുരം കൊട്ടാരം പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത സ്മാരകമാണ്. സംസ്ഥാനത്തിന് പുറത്ത് മറ്റ് സ്മാരകങ്ങൾ ഒന്നും പുരാവസ്തു വകുപ്പിന്റെ കീഴിൽ നിലവിലില്ല. |
| (ബി) | പ്രസ്തുത സ്മാരകങ്ങളുടെ അറ്റകുറ്റപ്പണികൾ കൃത്യമായി നടന്നുവരുന്നുണ്ടോ ; വിശദമാക്കാമോ ; | (ബി) | ഉണ്ട്. പത്മനാഭപുരം കൊട്ടാരം സമുച്ചയത്തിന്റെ പൈതൃക രീതിയിലുള്ള പ്രധാന കവാടം, നടമാളികയുടെ സമഗ്ര സംരക്ഷണ പണികൾ, ഇരുനിലകളുള്ള കമ്മട്ടപ്പുര, പൂമുഖം, മന്ത്രശാല, ക്ലോക്ക് ടവർ, തായ്കൊട്ടാരം, തെക്കേ കൊട്ടാരം സമുച്ചയം എന്നിവയുടെ സംരക്ഷണ പ്രവൃത്തികൾ, വലിയ ഊട്ടുപുര, ചെറിയ ഊട്ടുപുരയുടെ ഭാഗീക സംരക്ഷണപണികൾ, കുളങ്ങളുടെ നവീകരണം, സന്ദർശകർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, വേപ്പിൻ മൂട് മാളികയുടെ സംരക്ഷണപണികൾ എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | അറ്റകുറ്റപ്പണികൾ നടത്തി പ്രസ്തുത സ്മാരകങ്ങളെ സംരക്ഷിക്കുന്നതിനും അവയോട് ചേർന്നുള്ള ഭൂമി സംരക്ഷിക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം ? | (സി) | പത്മനാഭപുരം കൊട്ടാരവളപ്പിന് വെളിയിലായി ഏകദേശം 12.5 സെന്റ് ഭൂമിയുടെ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്ഥലം കേരള തമിഴ്നാട് സർക്കാരുകളുടെ പ്രതിനിധികൾ ചേർന്ന് സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ